# Athmaraksha.org

നമസ്കാരങ്ങൾ - Basic Catholic prayers for CCD exam

## 7. The Angelus - ത്രിസന്ധ്യാജപങ്ങൾ



### The Angelus

#### i) For Ordinary Days

The Angelus of the Lord declared unto Mary; And she conceived by the Holy Spirit. Hail Mary....
Behold the handmaid of the Lord; Be it done unto me according to your word. Hail Mary....
The Word was made flesh; And dwelt amoung us. Hail Mary....
Pray for us, O holy mother of God. That we may be made worthy of the promises of Christ.

**Let us pray**

Pour forth, we beseech you, O Lord, Your grace into our hearts, that we, to whom the incarnation of Christ, Your Son, was made known by the message of an angel, may by His passion and cross, be brought to glory of His resurrection; through the same Christ our Lord. Amen. Glory be .....

#### ii) Holy Week Prayer

(From Holy Wednesday evening to Holy Saturday evening)

Christ was made obedient unto death, for our sake. He obeyed even unto death on the Cross. So God, the Father has exalted Him. And given the name above all. Our Father .........

**Let us pray**

We beseech you, O Lord, Mercifully look upon this, your family, whom our Lord Jesus Christ saved by delivering himself freely into the hands of his enemies, and suffered the torments of death, upon the cross; who lives and reign for all eterntiy. Amen. Glory be ......

### iii) Regina Coeli (The Queen of Heaven)

(From Easter Sunday to Trintiy Sunday)

Queen of Heaven, rejoice Alleluia.
For He whom you did merit to bear. Alleluia.
Has risen, as He said. Alleluia.
Pray for us to God. Alleluia.
Rejoice and be glad, O virgin Mary  Alleluia.
For the Lord hast ruly risen. Alleluia.

#### Let us pray

O God, who gave joy to the world through the resurrection of your Son our Lord Jesus Christ, grant that we may obtain, through His Virgin mother, Mary, the joys of everlasting life, through the same Christ our Lord.  Amen. Glory be ......

## ത്രിസന്ധ്യാജപങ്ങൾ

### i) സാധാരണ ത്രിസന്ധ്യാജപം

കർത്താവിന്റെ മാലാഖ പരിശുദ്ധ മറിയത്തോടു വചിച്ചു; പരിശുദ്ധാത്മാവാൽ മറിയം ഗർഭം ധരിച്ചു. 1. നന്മ.
ഇതാ! കർത്താവിന്റെ ദാസി! നിന്റെ വചനം പോലെ എന്നിലാവട്ടെ. 1. നന്മ.
വചനം മാംസമായി; നമ്മുടെ ഇടയിൽ വസിച്ചു. 1. നന്മ.
ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്കു ഞങ്ങൾ യോഗ്യരാകുവാൻ.
സർവ്വേശ്വരന്റെ പരിശുദ്ധ മാതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ

#### പ്രാർത്ഥിക്കാം

സർവ്വേശ്വരാ, മാലാഖയുടെ സന്ദേശത്താൽ അങ്ങയുടെ പുത്രനായ ഈശോമിശിഹായുടെ മനുഷ്യാവതാരവാർത്ത അറിഞ്ഞിരിക്കുന്ന ഞങ്ങൾ അവിടുത്തെ പീഡാനുഭവവും കുരിശുമരണവും മുഖേന ഉയിർപ്പിന്റെ മഹിമ പ്രാപിക്കാൻ അനുഗ്രഹിക്കണമെ എന്ന് ഞങ്ങളുടെ കർത്താവായ ഈശോമിശിഹാ വഴി അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ. 3. ത്രിത്വ.

### ii) വിശുദ്ധവാര ത്രിസന്ധ്യാജപം

(വലിയ ബുധനാഴ്ച സായാഹ്നം മുതൽ ഉയർപ്പു ഞായ്റാഴ്ച്ചവരെ ചൊല്ലേണ്ടത്)

മിശിഹാ നമുക്കുവേണ്ടി മരണത്തോളം കീഴ്വഴങ്ങി അതേ; അവിടുന്ന് കുരിശുമരണത്തോളം കീഴ്വഴങ്ങി. അതിനാൽ സർവ്വേശ്വരൻ അവിടുത്തെ ഉയർത്തി; എല്ലാ നാമത്തെയുംകാൾ ഉന്നതമായ നാമം അവിടുത്തേക്കു നല്കി. 1. സ്വർഗ്ഗ.

#### പ്രാർത്ഥിക്കാം

സർവ്വേശ്വരാ, ഞങ്ങളുടെ കർത്താവായ ഈശോ മിശിഹാ മർദ്ദകരുടെ കരങ്ങളിൽ ഏല്പിക്കപ്പെട്ട്, കുരിശിലെ പീഡകൾ സഹിച്ചു രക്ഷിച്ച ഈ കുടുംബത്തെ തൃക്കൺപാർക്കണമേ എന്ന് അങ്ങയോടുകൂടി എന്നേക്കും ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവ് ഈശോ മിശിഹാ വഴി അങ്ങയോടു ഞങ്ങളപേക്ഷിക്കുന്നു. ആമ്മേൻ. 3 ത്രിത്വ.

### iii) ഉയിർപ്പുകാല (പെസഹാക്കാല) ത്രിസന്ധ്യാജപം

(ഉയിർപ്പു ഞായറാഴ്ച്ച തുടങ്ങി പരിശുദ്ധത്രിത്വത്തിന്റെ ഞായാറാഴ്ച്ച വരെ ചൊല്ലേണ്ടത്)

സ്വർല്ലോകരാജ്ഞി, ആനന്ദിച്ചാലും! ഹല്ലേല്ലുയാ.
എന്തെന്നാൽ ഭാഗ്യവതിയായ അങ്ങയുടെ തിരുവുദരത്തിൽ അവതരിച്ചയാൾ! ഹല്ലേലൂയാ.
അരുളിച്ചെയ്തതുപോലെ ഉയിർത്തെഴുന്നേറ്റു! ഹല്ലേലൂയാ.

ഞങ്ങൾക്കുവേണ്ടി സർവ്വേശ്വരനോടു പ്രാർത്ഥിക്കണമേ! ഹല്ലേലൂയാ.
കന്യകാമറിയമേ, ആമോദിച്ചാനന്ദിച്ചാലും! ഹല്ലേലൂയാ.
എന്തെന്നാൽ കർത്താവ് സത്യമായി ഉയിർത്തെഴുന്നേറ്റു! ഹല്ലേലൂയാ.

പ്രാർത്ഥിക്കാം
സർവ്വേശ്വരാ, അങ്ങയുടെ പുത്രനും ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹായുടെ ഉത്ഥാനത്താൽ ലോകത്തെ ആനന്ദിപ്പിക്കുവാൻ അങ്ങു തിരുമനസ്സായല്ലോ. അവിടുത്തെ മാതാവായ കന്യകാമറിയം മുഖേന ഞങ്ങൾ നിത്യാനന്ദം പ്രാപിക്കുവാൻ അനുഗ്രഹം നല്കണമേ എന്ന് അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ. 3 ത്രിത്വ.

+++